കാസർഗോഡ് ജില്ലയിലാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പാക്കേജ് പദ്ധതിയിൽ വിലത്തകർച്ചമൂലം സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി പ്രകാരം അടയ്ക്കാ കൃഷി മുഖ്യവരുമാന മാർഗ്ഗമാക്കിയിട്ടുള്ളതും പരമാവധി നാല് ഹെക്ടർ വരെ കൃഷി ഭൂമിയുള്ളതുമായ കർഷകർക്ക് പദ്ധതി ആനുകൂല്യം ലഭ്യമാക്കും. മരം ഒന്നിന് പരിചരണത്തിന് പത്ത് രൂപ നിരക്കിൽ ആനുകൂല്യം നൽകും. പത്ത് ശതമാനം രോഗം വന്ന കമുകുകൾ വെട്ടി മാറ്റുന്നതിനും പത്ത് രൂപ നിരക്കിൽ ആനുകൂല്യം ലഭ്യമാക്കും. ഹെക്ടർ ഒന്നിന് 13,100 രൂപ പരമാവധി 26,000 എന്ന തോതിൽ ലഭിക്കും. 60 സെന്റു വരെ അടയ്ക്കാ കൃഷിയുള്ള കർഷകർ മുഴുവൻ മരങ്ങൾക്കും പദ്ധതി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതാണ്. പദ്ധതി ആനുകൂല്യങ്ങൾ 600 രൂപ വരെ പണമായും അതിനുമുകളിലുള്ളവ കർഷകരുടെ ബാങ്ക് അക്കൗണ്ട് വഴിയും ലഭ്യമാക്കാനാണ് പദ്ധതി. ഇവിടെ ബഹുമാന്യനായ സി. എച്ച്. കുഞ്ഞമ്പു ചൂണ്ടിക്കാണിച്ച ജപ്തിയുമായി ബന്ധപ്പെട്ട കാര്യം തീർച്ചയായും പരിശോധിക്കുന്നതുമാണ്. കൃഷിക്കാരുടെ ഭൂമി ജപ്തി ചെയ്യാതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

20. സംയുക്ത സർവ്വീസ്

ശ്രീ. എം. ഉമ്മർ : സർ, തദ്ദേശസ്വയംഭരണ വകുപ്പിൽ പഞ്ചായത്ത്-നഗരകാര്യ-ഗ്രാമ വികസന വകുപ്പ് എന്നിവ സംയോജിപ്പിച്ച് പുതിയ സംയുക്ത സർവ്വീസ് വരുന്നതുകൊണ്ട് ജീവനക്കാരുടെ ഇടയിൽ ഉണ്ടായിട്ടുള്ള ആശങ്ക സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ശമ്പള കമ്മീഷൻ ശിപാർശകൾ ഗ്രാമ വികസന വകുപ്പിലെ വി.ഇ.ഒ.-മാരെ എൽ.ഡി. ക്ലാർക്കിന് തുല്യമായി തരംതാഴ്ത്തിയിരിക്കുകയാണ്. ഒന്നാം ഗ്രേഡ് വി.ഇ.ഒ.-മാരുടെ സ്കെയിൽ നിജപ്പെടുത്തിയിരിക്കുന്നത് യു.ഡി. ക്ലാർക്കിന് താഴെയാണ്. നിരവധി പദ്ധതികളുടെ നിർവ്വഹണ ഓഫീസർമാരായ വി.ഇ.ഒ-മാരെ പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തിക ഗസ്റ്റഡാക്കി ഉയർത്തിയപ്പോൾ ഗ്രാമവികസന വകുപ്പിലെ സമാന തസ്തികയായ ജോയിന്റ് വി.ഇ.ഒ.-ക്ക് ഗസറ്റഡ് തസ്തിക ശിപാർശ ചെയ്തിട്ടില്ല. ശമ്പള പരിഷ്കരണത്തിന്റെ ഉത്തരവിനുശേഷം വകുപ്പുകളുടെ സംയോജന ഉത്തരവ് ഇറക്കാൻ ജോയിന്റ് വി.ഇ.ഒ.-മാർക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ താഴെയാണ് സീനിയോറിറ്റി ലഭിക്കുക. നിരവധി വർഷം സർവ്വീസിലുള്ള ജീവനക്കാർക്ക് ഇതിൽ കടുത്ത അസംതൃപ്തിയാണ്. ഇങ്ങനെ സംയുക്ത സർവ്വീസ് നടപ്പാക്കുമ്പോൾ ഗ്രാമ വികസന വകുപ്പിലേയും മറ്റ് ജീവനക്കാരുടേയും ഇതുപോലുള്ള അനോമലി പരിഹരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, തദ്ദേശസ്വയംഭരണ വകുപ്പിൽ ഒരു പൊതുസർവ്വീസ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്

LIBRARY ARCHIVES Kerala Legislative Assembly

ഒരു പൊതുസർവ്വീസ് രൂപീകരിക്കുമെന്ന് 2006-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ ബഹുമാനപ്പെട്ട കേരള ഗവർണർ പ്രഖ്യാപിച്ചിരുന്നു. അതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു ഉദ്യോഗസ്ഥതല സമിതി 21-6-2006-ൽ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രവർത്തിക്കുന്ന വിവിധ സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് അന്തിമ തീരുമാനങ്ങൾ എടുക്കാനാണ് ഉദ്ദേശിക്കുന്നത്. ത്രിതല പഞ്ചായത്ത്രാജ് സ്ഥാപനങ്ങളിലും നഗരസഭകളിലും കോർപ്പറേഷനുകളിലും തത്തുല്യമായതോ സമാനതകളുള്ളതോ ആയ പ്രവൃത്തികളാണ് നടന്നുവരുന്നത്. വിവിധ പ്രവൃത്തികളുടെ നിർവ്വഹണ ചുമതല വിവിധ വകുപ്പുകളിലെ ജീവനക്കാരിൽ നിക്ഷിപ്തമാണ്. ജീവനക്കാരിൽ നിലനിൽക്കുന്ന അതിശക്തമായ വകുപ്പ് കാറ്റഗറി വികാരങ്ങൾ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ പ്രവൃത്തിയെടുക്കുന്ന എഞ്ചിനീയറിംഗ് ജീവനക്കാരും ഗ്രാമവികസന വകുപ്പിലെ ജീവനക്കാരും അനുബന്ധമായി പ്രവർത്തിക്കുന്ന ഭരണസമിതികളിലെ ജീവനക്കാരും പൊതുവായ സർവ്വീസ് രൂപീകരിക്കുന്നതോടുകൂടി ഇത്തരം വകുപ്പ് കാറ്റഗറി ഭേദത്തിനപ്പുറം പൊതുവായ ഒരു ബോധം ജീവനക്കാരിൽ ഉളവാക്കുന്നതിനും സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിക്കുമെന്നാണ് ഗവൺമെന്റ് കാണുന്നത്. ജീവനക്കാരെ സംബന്ധിച്ചിടത്തോളം ദീർഘകാലാടിസ്ഥാനത്തിൽ സേവന വേതന വ്യവസ്ഥകളുടെ കാര്യത്തിലും പ്രൊമോഷൻ കാര്യത്തിലും കൂടുതൽ മെച്ചപ്പെട്ട സ്ഥിതിയായിരിക്കും ഇതുവഴി ഉണ്ടാകുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവായ സേവനം മെച്ചപ്പെടുത്തുക എന്നതാണ് സംയുക്ത സർവ്വീസ് രൂപീകരിക്കുന്നതുകൊണ്ട് ലക്ഷ്യമിടുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

21. മരണപ്പെട്ട കെ. എസ്. നികേഷിന്റെ പെൻഷൻ ആനുകൂല്യങ്ങൾ

ശ്രീ. സി. എം. ദിനേശ് മണി : സർ, സർവ്വീസിലിരിക്കെ മരണപ്പെട്ട കെ. എസ്. നികേഷ് വിവാഹം കഴിഞ്ഞ് മൂന്നുമാസം കഴിയുമ്പോഴാണ് ആത്മഹത്യ ചെയ്യുന്നത്. ഭാര്യ പുനർവിവാഹം നടത്തുകയും ചെയ്തു. മരണാനന്തരാനുകൂല്യം നികേഷിന്റെ മാതാവിന് നൽകണമെന്നും മരണത്തെ സംബന്ധിച്ച് ചില സംശയങ്ങൾ ഉള്ളതിനാൽ വിശദമായ അന്വേഷണം നടത്തണമെന്നുമാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, തൃശ്ശൂർ കെഎപി. ഒന്നാം ബറ്റാലിയനിൽ ജോലി ചെയ്തുകൊണ്ടിരുന്ന കെ. എസ്. നികേഷ് 3-7-2011-ൽ ആത്മഹത്യ ചെയ്തു. തുടർന്ന് ഭാര്യ ജിതമോൾക്ക് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്ന് പെൻഷൻ അനുവദിച്ചു. നിലവിലുള്ള സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly